

# വി.പി ഇസ്മാഈൽ ഹാജി

>> അനുസ്മരണം

**വി.പി ഇസ്മാഈൽ** ഹാജി അല്ലാഹുവിലേക്ക് യാത്രയായി, *ഇന്നാ ലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ.* കൊടുവള്ളിയിലെ പറമ്പത്ത്കാവിലാണ് അദ്ദേഹം താമസിച്ചിരുന്നത്. കൊടുവള്ളിയും പരിസരവും മുസ്‌ലിംകൾ കൂടുതലുള്ള പ്രദേശമാണ്. 30-കളുടെ തുടക്കത്തിൽ അഞ്ചാറു കൂട്ടുകാരോടൊപ്പം അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ ഇസ്‌ലാഹീ പ്രവർത്തനം നടത്തിയാണ് അദ്ദേഹം രംഗത്തുവരുന്നത്. അന്നദ്ദേഹം സജീവ മുസ്‌ലിം ലീഗുകാരനും താലൂക്ക് സെക്രട്ടറിയുമായിരുന്നു. കൊടുവള്ളിയിലെ മുസ്‌ലിം ജനസാമാന്യം അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും ആണ്ട് പൂണ്ട് കിടക്കുന്ന സന്ദർഭം. തീവ്ര ദേശീയ വാദവും സാമുദായികവാദവും സൃഷ്ടിച്ച അന്ധത വേറെയും. പരമ്പരാഗത വിശ്വാസാചാരങ്ങളെ ചോദ്യം ചെയ്യുന്ന ഒന്നിനെയും മുസ്‌ലിം സമൂഹം സഹിച്ചിരുന്നില്ല. ഇത്തരം ഒരു ചുറ്റുപാടിലാണ് കൊടുവള്ളിയിൽ ഒറ്റപ്പെട്ടു ജമാഅത്ത് പ്രവർത്തനം നടത്തിയിരുന്ന ഞാനും ഇസ്മാഈൽ ഹാജിയും ബന്ധപ്പെടുന്നത്. തുടർന്ന് പറമ്പത്ത്കാവിൽ അദ്ദേഹത്തിന്റെ വസതിയിൽ യോഗങ്ങൾ ചേർന്നു. അദ്ദേഹത്തിന്റെ പിതാവ് വയപ്പുറത്ത് ഹുസൈൻക്ക ജമാഅത്തിന് സംഭാവന നൽകിയ 5 സെന്റ് സ്ഥലത്ത് ഓല ഷെഡ് പണിത് അത് പ്രവർത്തന കേന്ദ്രമാക്കി. വളരെ പ്രതികൂലമായ ചുറ്റുപാടിലാണ് പ്രവർത്തിക്കേണ്ടിയിരുന്നത്. എതിർപ്പുകളും പരിഹാസങ്ങളും പീഡനങ്ങളും ഏറ്റുവാങ്ങിയാണ് തുടക്കം. ഊരുകൾ വിലക്കി. പള്ളികളിൽ നിന്ന് ബഹിഷ്കരണം. പ്രവർത്തകരുടെ കൈവശം പുസ്തകങ്ങളോ പത്രങ്ങളോ കണ്ടാൽ ഒറ്റിപ്പറിച്ച് കീറുകയോ കത്തിക്കുകയോ ചെയ്യും. ഇതൊക്കെ സഹിച്ച് മുന്നോട്ട് പോകാനുള്ള ചങ്കുറപ്പും ആത്മധൈര്യവും അദ്ദേഹത്തിനുണ്ടായിരുന്നു. ചെറുപ്പത്തിലേ ചെയ്ത ത്യാഗപൂർണമായ ഹജ്ജായിരിക്കാം ഈ നിശ്ചയദാർഢ്യത്തിന് ഒരു കാരണം.

ഇസ്മാഈൽ ഹാജി സഹജമായ ചിരിയോടെ, സന്ദർഭോചിതമായ പരാമർശങ്ങൾ നടത്തിയാണ് ആളുകളെ സമീപിക്കാറുണ്ടായിരുന്നത്. സാന്ത്വന വാക്കുകൾ പറഞ്ഞും ക്ഷേമാന്വേഷണങ്ങൾ നടത്തിയും അഹോവൃത്തി മാർഗങ്ങൾ ആരാഞ്ഞും പ്രോത്സാഹിപ്പിച്ചും കുടുംബപ്രശ്നങ്ങൾക്ക് മാർഗനിർദേശം നൽകിയുമൊക്കെയാണ് സംസാരിക്കുക. ഇത് കേൾവിക്കാരിൽ വല്ലാത്തൊരു അടുപ്പവും ഇഷ്ടവും ഉണ്ടാക്കും. നാട്ടിലാകട്ടെ, വയനാട്ടിലാകട്ടെ വീടുകൾ കയറി നടത്തുന്ന സംഭാഷണങ്ങളിൽ സ്ത്രീകളെക്കൂടി സഹകരിപ്പിക്കാൻ ശ്രമിക്കും. വനിതാ രംഗത്ത് പ്രവർത്തിക്കാൻ പ്രത്യേക പാടവം തന്നെ അദ്ദേഹത്തിനുണ്ടായിരുന്നു. പുതിയ പ്രദേശങ്ങളിൽ കടന്നുചെന്ന് കഴിവുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിച്ച് വളർത്തിക്കൊണ്ടുവരുന്നതിൽ നിപുണനായിരുന്നു.

പൂനൂർ, നെരോത്ത്, പുതുപ്പാടി, തിരുവമ്പാടി ഭാഗങ്ങളിൽ കൊടുവള്ളി ഏരിയാ ഫുൾടൈമറായി നിയോഗിക്കപ്പെട്ട അദ്ദേഹം, ഒരു കനത്ത ബാഗുമായാണ് നിത്യവും പുറപ്പെടുക. ബാഗ് നിറയെ പുസ്തകങ്ങളായിരിക്കും. രാത്രി വൈകി തിരിച്ചെത്തുന്നതുവരെ ഒഴിഞ്ഞ പീടികക്കോലായിലും ജനശ്രദ്ധ ആകർഷിക്കുന്ന സ്ഥലങ്ങളിലും പുസ്തകങ്ങൾ നിരത്തിവെച്ച് ആളുകളെ വിളിച്ചുവരുത്തി പുസ്തകങ്ങളെയും അതുവഴി പ്രസ്ഥാനത്തെയും തന്റേതായ ശൈലിയിൽ പരിചയപ്പെടുത്തും. വയനാട്ടിൽ ഫുൾടൈം പ്രവർത്തകനായി നിയോഗിച്ചപ്പോഴും ഇതേ ശൈലി തന്നെ തുടർന്നു. ബത്തേരി, പിണങ്ങോട്, മേപ്പാടി എന്നിവിടങ്ങളിലേ അന്ന് പ്രസ്ഥാനത്തിന് ഘടകങ്ങളുണ്ടായിരുന്നുള്ളൂ. പനമരത്തും അമ്പലവയലിലും അനുഭാവി വൃത്തങ്ങളും. അനുഭാവികൾ പോലുമില്ലാത്ത മറ്റു പ്രദേശങ്ങളിൽ അദ്ദേഹം ബാഗുമായി ആളുകളെത്തേടി സഞ്ചരിക്കുന്നത് നിത്യകാഴ്ചയായിരുന്നു. ഒ.കെ മൊയ്തുസാഹിബ്, യൂസുഫ് മൗലവി, എൻ അബൂബക്കർ ഹാജി തുടങ്ങിയവരൊക്കെ വയനാട് ജില്ലയിൽ പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ ഏറെ പങ്ക് വഹിച്ചിട്ടുണ്ട്. എന്നാൽ ഇന്ന് കാണുന്ന രീതിയിൽ പ്രസ്ഥാനത്തെ വളർത്തിയെടുത്തതിൽ മുഖ്യപങ്ക് ഇസ്മാഈൽ ഹാജിയുടെ ത്യാഗോജ്ജ്വലമായ പരിശ്രമങ്ങൾക്ക് തന്നെയാണ്. പ്രസ്ഥാന ഘടകങ്ങൾക്ക് പള്ളികളോ മറ്റു സൗകര്യങ്ങളോ ഇല്ലാത്ത കാലത്ത് വളരെ കഷ്ടപ്പാടുകൾ അദ്ദേഹം സഹിച്ചിട്ടുണ്ട്. എത്തിപ്പെടുന്ന പള്ളികളിൽ കൊടുംതണുപ്പ് സഹിച്ചു കിടന്നുറങ്ങുകയേ നിർവാഹമുണ്ടായിരുന്നുള്ളൂ.

പ്രസ്ഥാനത്തിനുവേണ്ടി എന്തും സഹിച്ച് പണിയെടുക്കുന്നത് അദ്ദേഹത്തിനു ഹരവും ആവേശവുമായിരുന്നു. എല്ലാവരും വയനാട്ടിൽ കൃഷിക്കും കച്ചവടത്തിനും വേണ്ടി പോകുമ്പോൾ ഹാജി അതിലും എത്രയോ 'ലാഭകരമായ കച്ചവട'ത്തിനായിരുന്നു നിത്യസഞ്ചാരം നടത്തിയിരുന്നത്. പ്രസ്ഥാന പ്രവർത്തനം തുടങ്ങിയ ഘട്ടത്തിൽ കുറച്ചുകാലം പിണങ്ങോട്ട് എസ്റ്റേറ്റ് സൂപ്പർവൈസറായി ജോലിനോക്കുകയും ചെറിയൊരു കച്ചവടവും ചെയ്തതൊഴിച്ചാൽ അദ്ദേഹം സ്വന്തത്തിനുവേണ്ടി ഒന്നും ചെയ്തിരുന്നില്ല. ആരെയും അഭിമുഖീകരിക്കാനുള്ള ആർജവം അദ്ദേഹത്തിനുണ്ടായിരുന്നു. യാതൊരു സൗജന്യവും സ്വീകരിച്ചിരുന്നില്ല. വളരെ ലളിതമായ ജീവിതമായിരുന്നു. വീട്ടുകാരിലും ആ ശീലം വളർത്തി. പരിഭവമോ പരാതിയോ ഇല്ലായിരുന്നു. അമിതമായ ആഗ്രഹങ്ങളുമില്ല. യാത്രാവേളകളിൽ ഒരു ചായയും കാലി പൊറോട്ടയുമായിരുന്നു ഭക്ഷണം. രണ്ടോ മൂന്നോ നേരം ഇതുമാത്രം. ചില ദിവസങ്ങളിലേ ഊണ് കഴിച്ചിരുന്നുള്ളൂ. നിർബന്ധിതനായല്ലാതെ സൗജന്യങ്ങൾ സ്വീകരിക്കുകയില്ല. പ്രസ്ഥാനവുമായി ബന്ധപ്പെടുന്നവരെ ചായ സൽക്കരിച്ചും ആദരിച്ചും ബന്ധം തുടരുമായിരുന്നു.

പ്രായമാകുമ്പോൾ വീടുകളിൽ ചടഞ്ഞുകൂടുന്ന രീതിക്കുപകരം, കൂടുതൽ പ്രബോധന പ്രവർത്തനങ്ങളിൽ മുഴുകാനായിരുന്നു താൽപര്യം. 82 വയസ്സ് തികഞ്ഞിട്ടും ആ കർമോത്സുകത ജ്വലിച്ചു തന്നെ നിന്നു. ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തു പ്രസ്ഥാനത്തിനു വേണ്ടിമാത്രം ജീവിക്കുകയായിരുന്നു. ഏരിയാ ഓർഗനൈസർ, ഫുൾടൈമർ, ജില്ലാ പ്രസിഡന്റ് തുടങ്ങിയ പദവികൾ അദ്ദേഹം അർഹിച്ചതായിരുന്നു. അതിനാൽ ആ വേർപാട് നമ്മെ അത്യധികം ദുഃഖിപ്പിക്കുന്നു. വയനാട് ജില്ലാ പ്രസിഡന്റ് വി.പി ബശീർ അടക്കം രണ്ട് ആൺമക്കളും രണ്ട് പെൺമക്കളുമുണ്ട്. ഭാര്യ കുറച്ചു മുമ്പ് യാത്രയായി. അദ്ദേഹത്തിന് അല്ലാഹു സ്വർഗം നൽകി അനുഗ്രഹിക്കുമാറാകട്ടെ.

**ആർ.സി മൊയ്തീൻ**

വി.പി. ഇസ്മാഈൽ ഹാജിയുമായി *പ്രബോധനം* വാരിക നടത്തിയ അഭിമുഖം വാള്യം 64 ലക്കം 14, 15 (2007 സെപ്റ്റംബർ 8, 15)-ൽ പ്രസിദ്ധീകരിച്ചിരുന്നു.



## ടി.എ അശ്റഫ്

**നാദാപുരം** തലശ്ശേരി സംസ്ഥാന പാതയിലെ നരഹത്യകളുടെ തുടർക്കഥയായി നമ്മുടെ സഹോദരൻ തെക്കെ അമ്പലത്ത് അശ്റഫ് സാഹിബും ഈ ലോകത്തോട് യാത്ര പറഞ്ഞു. *ഇന്നാ ലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ.*

വാർധക്യസഹജമായ രോഗങ്ങളാൽ ബുദ്ധിമുട്ടുന്ന മാതാപിതാക്കളുടെ ശുശ്രൂഷ, കൂട്ടുകുടുംബത്തോടൊപ്പമുള്ള ശിഷ്ട ജീവിതം... അങ്ങനെ ഒരുപാട് പ്രതീക്ഷകളും ആഗ്രഹങ്ങളുമായിട്ടായിരുന്നു അശ്റഫും ഗൾഫ് ജീവിതം മതിയാക്കി നാട്ടിലെത്തിയത്. ആ ജീവിതം ആരംഭിക്കുമ്പോൾ തന്നെ അവസാനിക്കാനായിരുന്നു വിധി.

തികച്ചും പ്രതികൂല സാഹചര്യങ്ങളിലായിരുന്നു അശ്റഫ് തന്റെ ആദർശാധിഷ്ഠിത ജീവിതം മുന്നോട്ട് കൊണ്ടുപോയത്.

ഹൽഖാ സെക്രട്ടറി, ട്രസ്റ്റ് സെക്രട്ടറി തുടങ്ങി ഏറ്റെടുത്ത ഉത്തരവാദിത്വങ്ങൾ പലതായിരുന്നു. വ്യക്തിജീവിതവും പ്രാസ്ഥാനികജീവിതവുമെല്ലാം തീർത്തും മാതൃകാപരമായിരുന്നു. കുടുംബത്തെ ഇസ്‌ലാമികമായി വളർത്തിയെടുക്കുന്നതിലും പ്രസ്ഥാന പ്രവർത്തനങ്ങളുമായി സഹകരിപ്പിക്കുന്നതിലും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. തന്നിലർപ്പിതമായ ഉത്തരവാദിത്വങ്ങൾ ഭംഗിയായിത്തന്നെ നിർവഹിച്ചു. അല്ലാഹു ആ ശ്രമങ്ങൾ സ്വീകരിക്കുകയും തെറ്റുകൾ പൊറുത്ത് കൊടുക്കുകയും സ്വർഗത്തിൽ ഇടംനൽകി അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ - ആമീൻ.

**കളത്തിൽ അബ്ദുൽഹമീദ്**